ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ജില്ലകളും പുനഃസംഘടിപ്പിക്കണമെന്ന നിർദ്ദേശം സാമ്പത്തിക പരിമിതിമൂലം ഒരുമിച്ച് നടപ്പിലാക്കാൻ സാധ്യമല്ല. എന്നാൽ ഭരണപരമായി അത്യാവശ്യമെന്നു കാണുന്ന വിദ്യാഭ്യാസ ജില്ലകളും പുനഃസംഘടിപ്പിച്ചുകൊണ്ട് ഇത് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരികയാണ്.

(ബി) 31.

(സി, ഡി) അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

പുതുതായി ആരംഭിച്ച സ്കൂളുകൾ

167. [214] ശ്രീ. വി. കേശവൻ :

,, കെ. മുസ്സക്കുട്ടി :

,, എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 മാർച്ച് 31 വരെ സംസ്ഥാനത്ത് പുതുതായി ആരംഭിച്ച സ്കൂളുകൾ എത്ര ;

(ബി) അവയിൽ എൽ.പി. സ്കൂൾ, യു.പി. സ്കൂൾ, ഹൈസ്കൂൾ ഇവ ഓരോന്നും എത്ര വീതമാണ് ;

(സി) ഇതിൽ സഹകാര്യ മേഖലയിലേക്ക് എത്ര ; പൊതു മേഖലയിലേക്ക് എത്ര ;

(ഡി) ഇവയിൽ എയിഡഡ് സ്കൂളുകൾ എത്ര ; അൺ എയിഡഡ് സ്കൂളുകൾ എത്ര ?

ഉത്തരം

(എ) 31-7-1981-ലും 24-2-1982-ലും സർക്കാർ പ്രസിദ്ധീകരിച്ച സ്ഥല നിർണ്ണയ ലിസ്റ്റിലെ 382 സ്ഥലങ്ങളിൽ നിന്നും മുൻ ഗവൺമെൻറ് അനുവദിച്ചതിനുശേഷമുള്ള സ്ഥലങ്ങളിൽ നിയമപരമായ സാധ്യത നിറവേറ്റുന്നതിനായി 85 എയിഡഡ് സ്കൂളുകളും മുൻ ഗവൺമെൻറിൻെറ കാലത്ത് പ്രസിദ്ധീകരിച്ച പ്രാഥമിക ലിസ്റ്റിൻെറ തുടർച്ചയായി 27-1-1983-ൽ പ്രസിദ്ധീകരിച്ച അന്തിമ സ്ഥല നിർണ്ണയ ലിസ്റ്റിൽ നിന്നും 247 എയിഡഡ് സ്കൂളുകളും 294 അൺ എയിഡഡ് സ്കൂളുകളും 116 ഗവൺമെൻറ് സ്കൂളുകളും ഉൾപ്പെടെ 742 സ്കൂളുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ 1986 മാർച്ച് 31 വരെ അനുവദിച്ചിട്ടുണ്ട്.

(ബി, സി, ഡി)	എയിഡഡ് ഹൈസ്കൂളുകൾ	148
,,	യു.പി. സ്കൂളുകൾ	97
,,	എൽ.പി. സ്കൂളുകൾ	87
	ആകെ	332

† അനുബന്ധം—III

LIBRARY ARCHIVES Kerala Legislative Assembly

അൺ എയിഡഡ് സ്ക്കൂളുകൾ	52
,, യു.പി. സ്ക്കൂളുകൾ	98
,, എൽ.പി. സ്ക്കൂളുകൾ	144
ആകെ	294
ഗവൺമെൻറ് സ്ക്കൂളുകൾ	30
,, യു.പി. സ്ക്കൂളുകൾ	61
,, എൽ. പി. സ്ക്കൂളുകൾ	25
ആകെ	116

പുതുതായി ആരംഭിച്ച വിദ്യാലയങ്ങൾ

168. [215] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

പുതുതായി ഏതെങ്കിലും വിദ്യാലയങ്ങൾ സ്വകാര്യ മേഖലയിലോ സർക്കാർ മേഖലയിലോ അനുവദിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

ഉണ്ട്.

കോളേജുകൾ

169. [216] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

ശ്രീ. കെ. വി. സുരേന്ദ്രനാഥ് :

,, വി.കെ രാജൻ :

ഡോക്ടർ.എ. സുബ്ബറാവു :

ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള മൊത്തം കോളേജുകൾ എത്രയാണെന്നും അവയിൽ ഗവൺമെൻറ് കോളേജുകൾ എത്രയെന്നും മാനേജ്മെൻറ് വക കോളേജുകൾ എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) കോളേജുകൾ നടത്തുന്ന മാനേജുമെൻറുകൾ ഏതെല്ലാം ; ഓരോന്നും എത്ര കോളേജുകൾ വീതം നടത്തുന്നു; അവ ഏതെല്ലാം ?

ഉത്തരം

(എ) സംസ്ഥാനത്തുള്ള മൊത്തം കോളേജുകൾ—202.
ഗവൺമെൻറ് കോളേജുകൾ—48.
മാനേജുമെൻറ് വക കോളേജുകൾ—154.

LIBRARY ARCHIVES Kerala Legislative Assembly